പ്രസിദ്ധീകരണത്തിന്

ഭരണഘടനാഭേദഗതിയിലൂടെ 2019 ജനുവരിയിൽ നിലവിൽ വന്ന മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് അനുവദിക്കപ്പെട്ട സംവരണം 3.1.2020 മുതൽ സംസ്ഥാനത്ത് നടപ്പാക്കുമെന്ന് ഉത്തരവ് ഇറക്കിയെങ്കിലും നിയമഭേദഗതി നിലവിൽവന്ന 23.10.2020 തീയതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാനതീയതി കഴിഞ്ഞിട്ടില്ലാത്ത തസ്തികകൾക്കും തുടർന്ന് പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങൾക്കും മാത്രം നടപ്പിലാക്കിയാൽ മതിയെന്ന പി.എസ്.സി. തീരുമാനം മുന്നാക്കവിഭാഗങ്ങൾക്ക് അനുവദിച്ച സംവരണം അട്ടിമറിക്കാനുള്ള ആസൂത്രിതമായ നീക്കമാണ്.

സംവരണം നടപ്പാക്കാൻ തീരുമാനിച്ചിട്ടും ആയത് വിജ്ഞാപനത്തിന് മാത്രമായി പരിമിതപ്പെടുത്തിയും ഇപ്പോൾ നിലവിലുള്ള റാങ്കുലിസ്റ്റുകൾക്കും വരുംവർഷങ്ങളിൽ പ്രസിദ്ധീകരിക്കുന്ന റാങ്കുലിസ്റ്റുകൾക്കും ബാധകമാക്കാതെ, സംവരണം നടപ്പാക്കി എന്ന് മേനി നടിച്ച് തന്ത്രപൂർവം മുന്നാക്കവിഭാഗക്കാരെ കബളിപ്പിക്കുകയാണ്. ഉദ്യോഗസ്ഥനിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിയമഭേദഗതി നിലവിൽ വന്നാൽ ആ തീയതി മുതൽ ഭേദഗതി ചെയ്യപ്പെട്ട നിയമപ്രകാരം നിയമനം നടത്തണമെന്ന സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികളുടെ നഗ്നമായ ലംഘനവും നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധവുമാണ് പി.എസ്.സി. തീരുമാനം.

നിലവിലുള്ള റാങ്കുലിസ്റ്റുകളിലും തുടർന്ന് പ്രസിദ്ധീകരിക്കപ്പെടുന്ന ലിസ്റ്റുകളിലും നിയമനത്തിന് EWS സംവരണം നിഷേധിക്കുന്നതിലൂടെ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് സംവരണം അനുഭവയോഗ്യമാകണമെങ്കിൽ ഇനിയും വർഷങ്ങൾ കാത്തിരിക്കേണ്ടിവരും. ഒരു ഭരണഘടനാസ്ഥാപനമായ പബ്ലിക് സർവീസ് കമ്മീഷൻ, ഇതിലൂടെ ഭരണഘടനാഭേദഗതിയെത്തന്നെ ചോദ്യം ചെയ്തിരിക്കുകയാണ്.

നരേന്ദ്രൻകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നാക്കവിഭാഗങ്ങൾക്ക് പ്രത്യേക നിയമനം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ച 2.2.2006 മുതൽ നടപ്പിലാക്കിയതും, സംവരണവിഭാഗത്തിലെ പല സമുദായങ്ങൾക്ക് സംവരണത്തോത് മാറ്റി നിശ്ചയിച്ചപ്പോഴും, ചില സമുദായങ്ങൾക്ക് പുതിയതായി സംവരണം അനുവദിച്ചപ്പോഴും ഏറ്റവും അവസാനമായി വികലാംഗ വിഭാഗത്തിന് സംവരണടേണുകൾ മാറ്റിനിശ്ചയിച്ചപ്പോഴും സർക്കാർ നിശ്ചയിച്ച തീയതിയിൽതന്നെ സംവരണം മുൻകാലപ്രാബല്യത്തോടെ നടപ്പാക്കിയ പി.എസ്.സി., സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിന് 2020 ജനുവരിയിൽ അനുവദിക്കപ്പെട്ട സംവരണം ഇക്കാലമത്രയും ഇട്ടുതട്ടിക്കളിച്ചതിനുശേഷവും ആയത് നിഷേധിക്കാനും നീട്ടിവയ്ക്കാനുമാണ് ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കെ.എ.എസ്. അടക്കമുള്ള നിരവധി സെലക്ഷനുകളിൽ മുന്നാക്കവിഭാഗസംവരണം ഒഴിവാക്കാനുള്ള ആസൂത്രിതമായ നടപടികൂടിയാണിത്. ദൈവം കനിഞ്ഞാലും പൂജാരി കനിയില്ല എന്ന നിലപാടാണ് പി.എസ്.സി. ഈ തീരുമാനത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നത്.

പെരുന്ന

2.11.2020

ജി. സുകുമാരൻനായർ

ജനറൽ സെക്രട്ടറി

നായർ സർവീസ് സൊസൈറ്റി